LIBRARY ARCHIVES Kerala Legislative Assembly

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാല

141 (5491) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ 2014-15-ൽ 35 കോടി രൂപയുടെ പ്ലാൻ സഹായം അനുവദിച്ചിരുന്നു. ഇതിൽ 21 കോടി ഇതുവരെ സർവ്വകലാശാലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സർവ്വകലാശാലയുടെ പ്ലാൻ പദ്ധതികൾ അംഗീകരിക്കുകയും വേണ്ട ധനസഹായവും അനുമതികളും സർക്കാർ നൽകിവരികയും ചെയ്യുന്നു.

വെറ്ററിനറി സർവ്വകലാശാലയിലെ അഴിമതി

142 (5492) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയിൽ വൈസ് ചാൻസലർ സ്വീകരിച്ചിട്ടുള്ള ഭരണ, അക്കാദമിക് നടപടികളെക്കുറിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, എന്തെല്ലാം ആക്ഷേപങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ; ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.